"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2022-23 വർഷം ബഡ്ജറ്റിൽ നോൺ പ്ലാൻ സാലറി ഇനത്തിൽ വകയിരുത്തിയ തുകയിൽ നിന്നും എട്ടാമത്തെ ഗഡുവായി 232 ലക്ഷം രൂപ (രണ്ട് കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.150/2023/ID തീയതി,തിരുവനന്തപുരം, 21-02-2023

പരാമർശം:-

1. 06.04.2022 -ലെ സ.ഉ.(സാധാ)നം.309/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്.
2. 25.05.2022 -ലെ സ.ഉ.(സാധാ)നം.492/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്
3. 19-07-2022 -ലെ സ.ഉ.(സാധാ)നം.718/2022/വ്യവ നമ്പർ സർക്കാർ ഉത്തരവ്.
4. 30-08-2022 -ലെ സ.ഉ.(സാധാ)നം.949/2022/വ്യവ നമ്പർ ഉത്തരവ്.
5. 29.09.2022 -ലെ സ.ഉ.(സാധാ)നം.1062/2022/വ്യവ നമ്പർ ഉത്തരവ്.
6. 10.11.2022 -ലെ സ.ഉ.(സാധാ)നം.1185/2022/വ്യവ നമ്പർ ഉത്തരവ്.
7. 25.11.2022 -ലെ സ.ഉ.(സാധാ)നം.1249/2022/വ്യവ നമ്പർ ഉത്തരവ്.
8. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 27.12.2022 -ലെ കെ.ബി.2371/2019/എ്8 നമ്പർ കത്ത്.

**ഉത്തരവ്**

2022-23 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നോൺ-പ്ലാൻ സാലറി ഫണ്ടിനത്തിൽ 45,10,00,000/- രൂപ (നാല്പത്തിയഞ്ച് കോടി പത്തു ലക്ഷം രൂപ മാത്രം) 2851-00-105-99-31 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പരാമർശ ഉത്തരവുകൾ പ്രകാരം ആകെ 42,78,00000 (നാൽപ്പത്തിരണ്ട് കോടി എഴുപത്തെട്ട് ലക്ഷം രൂപ മാത്രം) ഏഴ് ഗഡുക്കളായി ഖാദി ബോർഡ് സെക്രട്ടറിയ്ക്ക് നൽകിയിരുന്നു.

2. 2022-23 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഖാദി ബോർഡ് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി എട്ടാമത്തെ ഗഡു അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (8) പ്രകാരം ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സർക്കാരിന് ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "2851-00-105-99-31-KK&VI Board-Administrative Expenses" എന്ന ശീർഷകത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ അവശേഷിക്കുന്ന ബജറ്റ് വിഹിതമായ 232 ലക്ഷം രൂപ (രണ്ട് കോടി മുപ്പത്തി രണ്ട് ലക്ഷം രൂപ) എട്ടാമത്തെ ഗഡുവായി താഴെപ്പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അനുവദിക്കുന്ന തുക ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

ii.ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, മറ്റ് ഭരണപരമായ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് മാത്രം വിനിയോഗിക്കേണ്ടതും വക മാറ്റി ചെലവഴിക്കാൻ പാടില്ലാത്തതുമാകുന്നു.

111.09.12.2008 -ലെ 84/2008/ധന, 29.08.2009 -ലെ 75/2009/ധന, 30.01.2018 -ലെ 08/2018/ധന, 16.06.2018 -ലെ 53/2018/ധന നമ്പർ പരിപത്രങ്ങളിൽ വിവക്ഷ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

iV.തുടർന്നുള്ള ഫണ്ട് റിലീസിനായുള്ള നിർദ്ദേശങ്ങളിൽ അനുവദിച്ച തുകയെ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും G.O.(Ms)04/2020/Fin dated 09/01/2020 നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.